# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6633** **09.07.2014- ൽ മറുപടിക്ക്**

## "സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് കർമ്മപദ്ധതികൾ"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്**<br>**ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് സൂക്ഷ്മ – ചെറുകിട – ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**(1) ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.**<br>കേരളത്തിൽ വ്യവസായ ആവശ്യത്തിന് സ്ഥലം ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ ലഭ്യമായ സ്ഥലത്ത് കൂടുതൽ വ്യവസായ സംരംഭങ്ങൾ അനുവദിക്കുന്നതിനായി ഏതാണ്ട് 27.5 കോടി രൂപ മുതൽ മുടക്കി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br>**(2) നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ട് നവീകരണം - 70:30 സ്കീം.**<br>നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകളുടെ നവീകരണത്തിനും ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കുന്നതിനും, റോഡുകൾ, മറ്റു പൊതു സൗകര്യങ്ങൾ, ഖരദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുമായി 1.79 കോടി രൂപ അടങ്കൽ ചിലവ് വരുന്ന പദ്ധതികൾ നടപ്പിലാക്കി. |

**(3) നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ട് നവീകരണം - 60:40 സ്കീം.**

നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകളുടെ നവീകരണത്തിനായി പുതിയ സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി (എം.എസ്.ഇ – സി.ഡി.പി) നടപ്പിലാക്കി. ഇതനുസരിച്ച് വേളി, പൂവാൻതുരുത്ത്, കഞ്ചിക്കോട് എന്നീ വ്യവസായ വികസനമേഖലകളുടെ നവീകരണത്തിനായി വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ പൂവാൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ 10 കോടി രൂപയുടെ പദ്ധതിക്ക് ആദ്യ ഘട്ട കേന്ദ്രാനുമതി ലഭിച്ചു.

**(4) പുതിയ ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ട് രൂപീകരണം**

സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകൾ സ്ഥാപിക്കുന്നതിന് പുതിയ സ്ഥലം ഓരോ ജില്ലയിലും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഏജൻസികൾ മുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ. വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.

2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.
3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.
4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു. വ്യവസായ സംരംഭങ്ങളിൽ അൻസിലറി ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകി വരുന്നു.

കൂടാതെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി നിലവിലുണ്ടായിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് "സംരംഭകത്വ സഹായ പദ്ധതി" നടപ്പിലാക്കുകയുണ്ടായി.

സംസ്ഥാനത്തെ സൂക്ഷ്മ – ചെറുകിട – ഇടത്തരം വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി സംസ്ഥാനത്തെയും ജില്ലയിലെയും മികച്ച വ്യവസായ സംരംഭങ്ങൾക്ക് ജനറൽ, വനിത, എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് സംസ്ഥാന ജില്ലാതല അവാർഡുകൾ നൽകുന്നു. സംരംഭകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിശേഷ അവസരങ്ങളിൽ എക്സിബിഷനുകൾ നടത്തുന്നു. അഖിലേന്ത്യാ തലത്തിൽ മികച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സാഹചര്യം

ഒരുക്കുന്നു. സംരംഭകർക്ക് മികച്ച മെഷീനറികൾ വാങ്ങുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മെഷീനറി എക്സിബിഷനും നടത്തുന്നു.

കിൻഫ്രയുടെ നേതൃത്വത്തിൽ മൂന്ന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇത്തരത്തിലുള്ള 5 പുതിയ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

| | |
|---|---|
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുന്നതുവഴി വ്യവസായ ആവശ്യത്തിന് സ്ഥലം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയുന്നു. |

നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകൾ നവീകരിക്കുന്നതുമൂലം ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകളിലെ യൂണിറ്റുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

പുതിയ ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകളുടെ രൂപീകരണത്തിലൂടെ ഓരോ ജില്ലയിലും ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകളിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുകയും ചെയ്യുന്നു. ഈ പദ്ധതികളിലൂടെ കേരളത്തിലെ വ്യവസായ രംഗത്ത് കൂടുതൽ ഉത്പാദനക്ഷമത, കാര്യക്ഷമതയിലുള്ള വർദ്ധന തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയിലൂടെ വ്യവസായ വികസനം ലക്ഷ്യമിടുന്നു.
സാമൂഹിക സാമ്പത്തിക വളർച്ചയിലേക്ക് സംഭാവന ചെയ്യുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുകവഴി തൊഴിലില്ലായ്മയും. ദാരിദ്ര്യവും ഉന്മൂലനം ചെയ്യുക എന്നി

ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.
അവാർഡ് നൽകുന്നതുവഴി വ്യവസായ സംരംഭകർക്ക് മികവുകാട്ടുന്നതിന് പ്രോത്സാഹനമാകുന്നു. പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതു വഴി കമ്പോള സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്നു.

സി) പുതിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രവർത്തനം തുടങ്ങുകയുണ്ടായോ; വിശദമാക്കുമോ;

സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ, കിൻഫ്ര, സിഡ്കോ എന്നീ സ്ഥാപനങ്ങളുടെ പാർക്ക്/എസ്റ്റേറ്റുകളിൽ ആരംഭിച്ച വ്യവസായ യൂണിറ്റുകൾ മുതലായവയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.

ഡി) സംരംഭങ്ങൾ തുടങ്ങുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി) (1) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.

(2) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.

(3) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.

(4) ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ

സഹായം നൽകി വരുന്നു. വ്യവസായ സംരംഭങ്ങളിൽ അൻസിലറി ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകി വരുന്നു.

(5) ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകളിൽ സ്ഥലം ഒഴിവുണ്ടെങ്കിൽ പുതിയ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനായി അനുവദിച്ചു നൽകുന്നു.

ചെറുകിട ഇടത്തരം വ്യവസായ മേഖലയിലെ 34 സംരംഭങ്ങൾ തുടങ്ങുന്നതിന് കെ.എസ്.ഐ.ഡി.സി ബോർഡ് നിക്ഷേപാനുമതി നൽകുകയുണ്ടായി.

സിഡ്കോ പാർക്കുകളിൽ വ്യവസായ കെട്ടിടം നിർമ്മിച്ച് സംരംഭങ്ങൾ തുടങ്ങാൻ ഒരു വർഷ കാലയളവ് വ്യവസായികൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ കെട്ടിടം നിർമ്മിക്കുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി വാങ്ങുന്നതിൽ നിന്ന് സംരംഭകരെ ഒഴിവാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ**

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 3,128 |
| കൊല്ലം | 2,535 |
| പത്തനംതിട്ട | 1,764 |
| ഇടുക്കി | 463 |
| കോട്ടയം | 1,465 |
| ആലപ്പുഴ | 2,192 |
| എറണാകുളം | 4,304 |
| തൃശ്ശൂർ | 2,997 |
| മലപ്പുറം | 2,073 |
| കോഴിക്കോട് | 1,966 |
| പാലക്കാട് | 1,928 |
| വയനാട് | 704 |
| കണ്ണൂർ | 1,593 |
| കാസർഗോഡ് | 936 |

**കിൻഫ്ര പാർക്കുകളിൽ പ്രവർത്തനമാരംഭിച്ച വ്യവസായ സംരംഭങ്ങൾ**

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 9 |
| പത്തനംതിട്ട | 25 |
| എറണാകുളം | 18 |
| തൃശ്ശൂർ | 7 |
| മലപ്പുറം | 8 |
| പാലക്കാട് | 74 |
| വയനാട് | 18 |
| കണ്ണൂർ | 14 |
| കാസർഗോഡ് | 17 |

**സിഡ്കോ പാർക്ക്/എസ്റ്റേറ്റുകളിൽ പ്രവർത്തനമാരംഭിച്ച വ്യവസായ സംരംഭങ്ങൾ**

| ജില്ല | എണ്ണം |
|---|---|
| കൊല്ലം | 4 |
| കോട്ടയം | 1 |
| ആലപ്പുഴ | 3 |
| കോഴിക്കോട് | 2 |
| പാലക്കാട് | 1 |